LIBRARY ARCHIVES Kerala Legislative Assembly

നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ

100 (T 8160) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എ. കെ. ബി. മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കോഴ്സിന് ഈ സ്ഥാപനത്തിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതിന് എത്ര സീറ്റാണ് ഉള്ളതെന്നും ഇതിനായി എന്തുമുതലാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും എപ്രകാരമാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവേശന നടപടികൾ സുതാര്യമല്ലെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ സർക്കാർ ഹോമിയോ കോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എ.കെ.ബി മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടായിരുന്നു.

(ബി&സി) ആകെ 60 സീറ്റുകൾ ഉള്ളതിൽ 30 സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയും, 30 സീറ്റുകൾ സർക്കാർ ക്വാട്ടയുമാണ്. 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി' സർക്കാർ കോളേജുകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഡോ. എ. കെ. ബി. മിഷൻ ട്രസ്റ്റിലെ 2014-15 വർഷത്തെ NCP കോഴ്സിന്റെ പ്രവേശനം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി ഉദ്ഘാടനം

101 (8161) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽതുക എത്രയാണെന്നും ആരാണ് കരാറുകാരനെന്നും കരാർ പ്രകാരം എന്ന് കെട്ടിട നിർമ്മാണം പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.